പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 545 29.05.2019-ൽ മറുപടിക്ക്**

**ചരക്കുസേവന നികുതി നടപ്പിലാക്കിയ ശേഷമുള്ള നികുതി ചോർച്ച**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.സി.മമ്മൂട്ടി<br>,, അബ്ദുൽ ഹമീദ് പി.<br>ഡോ.എം. കെ. മുനീർ<br>ശ്രീ.പി.കെ.ബഷീർ | | ഡോ. ടി.എം. തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) | |
| (എ) | ചരക്കുസേവന നികുതി നടപ്പിലാക്കിയ ശേഷം സംസ്ഥാനത്തിന് നികുതി ചോർച്ച ഉണ്ടായതായി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ; | (എ) | വിവരം ശേഖരിച്ചു വരുന്നു. |
| (ബി) | ഇത്തരത്തിലുണ്ടാകുന്ന നഷ്ടം എപ്രകാരം നികത്താമെന്നാണ് കരുതുന്നത്; വിശദീകരിക്കുമോ? | (ബി) | ഇത്തരത്തിലുണ്ടാകുന്ന നഷ്ടം നികത്തുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br>മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേയ്ക്ക് വരുന്ന ചരക്ക വാഹനങ്ങളിൽ ഇ-വേ ബിൽ ഉണ്ടോ എന്ന് പരിശോധന നടത്തുന്നതിന് വേണ്ടി, സംസ്ഥാനത്തെ ചെക്ക് പോസ്റ്റുകൾ നിർത്തലാക്കിയ സാഹചര്യത്തിൽ ഇന്റലിജൻസ് സ്ക്വാഡുകളെ അതിർത്തി പ്രദേശങ്ങളിൽ (24 / 7) വിന്യസിച്ചിട്ടുണ്ട്. കൂടാതെ ഇ-വേ ബിൽ പരിശോധന കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി പ്രധാന അതിർത്തി റോഡുകളിൽ എ.എൻ.പി.ആർ. സംവിധാനമുള്ള ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ |

| | | | |
|---|---|---|---|
| | | | സ്വീകരിച്ചു വരുന്നു.<br>പരീക്ഷണാടിസ്ഥാനത്തിൽ വാളയാറിൽ സ്ഥാപിച്ച് ഇ-വേ ബിൽ വിവരങ്ങൾ വിശകലനം ചെയ്തു വരുന്നു.<br>വ്യാപാരികൾ 2017-18, 2018-19 എന്നീ വർഷങ്ങളിലെ ജി.എസ്.ടി. വാർഷിക റിട്ടേണുകൾ 2019 ജൂൺ സെപ്റ്റംബർ മാസങ്ങളിൽ സമർപ്പിക്കുന്നതാണ്. വാർഷീക റിട്ടേണുകളുടെ സൂക്ഷ്മ പരിശോധനയിലൂടെ, ജി.എസ്.ടി. യുടെ ചോർച്ച പരിഹരിക്കുവാൻ കഴിയും. ഇതു കൂടാതെ ഈവേ ബില്ലുകൾ, റിട്ടേണുകൾ തുടങ്ങിയവയിലൂടെ ലഭിക്കുന്ന വിവരങ്ങൾ വിശകലനം ചെയ്തു നികുതി വെട്ടിപ്പ് നടത്തിയിട്ടുള്ള വ്യാപാരികളുടെ കണക്കുകൾ, ഓഡിറ്റിന് വിധേയമാക്കുന്നതാണ്. വിദഗ്ധ സഹായത്തോടെ വിവരവിശകലനം നടത്തുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**